**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197 — 04.05.2017 -ൽ മറുപടിക്ക്

## കേന്ദ്ര ടൂറിസം മന്ത്രാലയം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ.ജെ. മാക്സി
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. ബി. സത്യൻ

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

എ) 'സ്വദേശി ദർശൻ', ' പ്രസാദ് ' എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് കേന്ദ്ര ടൂറിസം മന്ത്രാലയം സംസ്ഥാനത്തിന് പദ്ധതികൾ അനുവദിച്ച് നൽകുന്നത്. നിലവിൽ 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി മൂന്ന് പദ്ധതികളും, ' പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി ഒരു പദ്ധതിയും അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്വദേശി ദർശൻ | 1 | ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടിയുടെ വികസനം |
| | 2 | സ്പിരിച്വൽ ടൂറിസം പദ്ധതി യായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) |
| | 3 | സ്പിരിച്വൽ ടൂറിസം പദ്ധതി യായ ശ്രീ പത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്രം |
| 'പ്രസാദ്' | | ഗുരുവായൂർ ക്ഷേത്ര പരിസര വികസനം |

| | | | |
|---|---|---|---|
| ബി) | പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന പിൽഗ്രിമേജ് റിജുവനേഷൻ ആന്റ് സ്പിരിചൽ ഓഗ്മെന്റേഷൻ ഡ്രൈവ് (PRASAD) സ്കീമിൽ ഗുരുവായൂർ ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | പ്രസ്തുത സ്കീം പ്രകാരം ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി എത്ര തുകയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ? | സി) | ഗുരുവായൂർ ക്ഷേത്രവികസനത്തിനായി 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിച്ചതിൽ, ഗുരുവായൂർ ക്ഷേത്ര പരിസര വികസനത്തിനായി ആദ്യഗഡുവായി 922.84 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.